# Kerala Private College Teacher

Wishes

**All Its Readers**

# A Happy New Year

No. 136

December 1996

Kerala Private
COLLEGE TEACHER

AKPCTA




കേരളസർവകലാശാല വൈസ്ചാൻസിലർ
ഡോ. എൻ. ബാബു ഉദ്ഘാടനംചെയ്യുന്നു



പ്രൊഫ. കെ. പി. ദിവാകരൻനായർ
പ്രൊഫ. ടി. എൻ. രാമൻപിള്ള
എന്നിവർ സംസാരിക്കുന്നു

സദസ്



പ്രീഡിഗ്രി പുനഃസംഘാടനം

# അധ്യാപകർക്ക് പൂർണ്ണസംരക്ഷണം ഉറപ്പാക്കണം

കേരളത്തിൽ കഴിഞ്ഞ 32 വർഷമായി സർവകലാശാലാ വിദ്യാഭ്യാസത്തിന്റെ ഭാഗമായി നടന്നുവരുന്ന പ്രീഡിഗ്രികോഴ്സ്, +2 വിദ്യാഭ്യാസത്തിന്റെ ഭാഗമാക്കി സ്കൂളുകളിലേക്ക് മാറ്റുന്ന പ്രക്രിയയെപ്പറ്റി ഇപ്പോൾ ഗൗരവമായ ചർച്ചകൾ നടന്നുകൊണ്ടിരിക്കുകയാണല്ലോ? അടുത്ത അദ്ധ്യയന വർഷം മുതൽ 'പ്രീഡിഗ്രി കോഴ്സ് ഘട്ടംഘട്ടമായി സ്കൂളുകളിലേക്ക് മാറ്റുമെന്ന നയപരമായ തീരുമാനം കേരള അസംബ്ളിയിൽ വിദ്യാഭ്യാസമന്ത്രി പ്രഖ്യാപിച്ചിരിക്കയാണ്. ഇതുമായി ബന്ധപ്പെട്ട് വിദ്യാഭ്യാസമന്ത്രി ചർച്ചകൾ നടത്തിത്തുടങ്ങിയ വാർത്തകൾ പത്രമാധ്യമങ്ങളിൽ വന്നുകൊണ്ടിരിക്കുന്നു. ഉദ്യോഗസ്ഥൻമാരുടെ അഭിപ്രായങ്ങളും പുറത്തു വന്നിട്ടുണ്ട്. ഈ ചർച്ചകളിലൊന്നുംതന്നെ ക്രിയാത്മക നിർദ്ദേശങ്ങൾ മുന്നോട്ടു വയ്ക്കാത്തതിനാൽ ആശയക്കുഴപ്പത്തിന്റെ അന്തരീക്ഷം സൃഷ്ടിക്കാൻ തല്പരകക്ഷികൾക്ക് അവസരമുണ്ടാക്കിയിരിക്കയാണ്. ഈ സാഹചര്യത്തിൽ സംഘടന എടുത്തിട്ടുള്ള നിലപാടും ഉന്നയിച്ചിട്ടുള്ള നിർദ്ദേശങ്ങളും ആവർത്തിച്ചു പറയുവാൻ ആഗ്രഹിക്കുന്നു.

വിദ്യാഭ്യാസരംഗത്തെ ഏതൊരു പരിഷ്കാരവും നാടിന്റെ സമഗ്രമായ വികാസത്തിനുതകുന്നതായിരിക്കണം. അതിൽ ഘടനാപരമായ പരിഷ്കാരത്തിന് ഏറെ പ്രസക്തിയുണ്ട്. പ്ലസ്ടു ഘട്ടം എവിടെ ആയിരിക്കണമെന്ന് വളരെയേറെ വിചിന്തനത്തിന് വിധേയമായിട്ടുണ്ട്. വിദ്യാഭ്യാസക്കമ്മീഷനുകൾ പറഞ്ഞിട്ടുള്ളത് ഈ ഘട്ടം സ്കൂൾതലത്തിലായിരിക്കണമെന്നാണ്. മറ്റു സംസ്ഥാനങ്ങളിൽ


കേരള പ്രൈവറ്റ് കോളേജ് ടീച്ചർ ലക്കം: 136 ഡിസംബർ 1996

എഡിറ്റർ:
ജി. പ്രതാപചന്ദ്രൻ നായർ

മാനേജിംഗ് എഡിറ്റർ:
ടി. എൻ. മനോഹരൻ

അംഗങ്ങൾ : എസ്. വിശ്വനാഥൻ, കെ. പി. ദിവാകരൻനായർ, എം. സലിം, ജോയ് ജോബ് കുളവേലി, കെ. ഇ. എൻ. കുഞ്ഞഹമ്മദ്, മാത്യു ജെ. മുട്ടത്ത്, എം. എസ്. വസന്തകുമാർ, ഡി. തോമസ്, എസ്. ജയരാജ്കുമാർ, ജി. എസ്. സുരേഷ്, ഷാഹുൽ ഹമീദ്, കെ. സി. കുട്ടപ്പൻ നായർ, ജെ. ചന്ദ്ര

ഈ മാററം നേരത്തെ നടന്നതുമാണ്. എ.കെ.പി.സി.ടി.എ. യും പ്ലസ്ടു സ്ക്കൂളിന്റെ ഭാഗമായിരിക്കണമെന്ന അഭിപ്രായത്തെ അംഗീകരിച്ചിട്ടുണ്ട്.

വർഷങ്ങളായി സർവ്വകലാശാലകളുടെ കീഴിൽ നിൽക്കുന്ന പ്ലസ്ടുവിന് തുല്യമായ പ്രീഡിഗ്രി കോഴ്സ് കോളേജുകളിൽനിന്നും സ്ക്കൂളുകളിലേക്ക് മാററുന്ന നടപടി വളരെ അവധാനതയോടും കരുതലോടും ചെയ്യേണ്ടതാണ്. ധൃതിപിടിച്ച ഏതൊരു നീക്കവും ഗുണത്തെക്കാളേറെ ദോഷം ചെയ്യുമെന്ന യാഥാർത്ഥ്യം ഭരണാധികാരികളെ നാം പല തവണ അറിയിച്ചു കഴിഞ്ഞു. ഘടനാപരമായ മാററം വർഷങ്ങളെടുത്തു നടത്തേണ്ടതാണെന്ന് ദേശീയ വിദ്യാഭ്യാസ കമ്മീഷൻ വ്യക്തമാക്കിയിട്ടുണ്ട്. ഇക്കാര്യത്തിലുള്ള എ. കെ. പി. സി. ടി. എ. യുടെ സുചിന്തിതമായ അഭിപ്രായം വർഷങ്ങൾക്കു മുമ്പ് പ്രകടിപ്പിച്ചിട്ടുള്ളതാണ്. നമ്മുടെ വിദ്യാഭ്യാസരേഖയിൽ വിശദീകരിച്ചിട്ടുമുണ്ട്.

സർവ്വകലാശാലാ വിദ്യാഭ്യാസത്തിന്റെയും സ്ക്കൂൾ വിദ്യാഭ്യാസത്തിന്റെയും സമഗ്രമായ വികാസം ലക്ഷ്യംവച്ചുകൊണ്ടു മാത്രമേ പുനഃസംഘാടനം നടത്താവൂ. പ്ലസ്ടു വിദ്യാഭ്യാസം സ്ക്കൂൾതലത്തിൽ തുടങ്ങി പരിപുഷ്ടിപ്പെടുത്തിക്കൊണ്ടുവേണം പ്രീഡിഗ്രി കോളേജ്തലത്തിൽ ഇല്ലാതാക്കേണ്ടത്. ''പ്രീഡിഗ്രി വിഘടനം മുൻ ഉപാധിയാകരുത്''. അടുത്ത 5 വർഷക്കാലത്ത് ഒട്ടേറെ അദ്ധ്യാപകർ സർവ്വീസിൽനിന്നും വിരമിക്കുന്നതിനാൽ ഈ കാലയളവ് ഈ പരിഷ്ക്കാരം നടപ്പാക്കുന്നതിന് വളരെ അനുയോജ്യമാണ്. പ്രീഡിഗ്രി പുനഃസംഘാടനം ഒരു വർഷംകൊണ്ട് നടത്താവുന്ന ഒന്നല്ല. കുറഞ്ഞത് അഞ്ചുവർഷത്തെ കാലപരിധി നിശ്ചയിച്ച് അനുക്രമമായി പ്രീഡിഗ്രിബാച്ചുകൾ കോളേജുകളിൽ കുറച്ചുകൊണ്ടുവരികയും അതിനാനുപാതികമായി സ്ക്കൂളുകളിലോ, ഇതിനായുള്ള പ്രത്യേക സ്ഥാപനങ്ങളിലോ പ്ലസ്ടൂ കോഴ്സുകൾ വ്യാപിപ്പിക്കുകയുമാണ് വേണ്ടത്. ഈ കാലയളവിൽ കോളേജുകളിൽ നിലനിൽക്കുന്ന പ്രീഡിഗ്രി കോഴ്സ് മുന്നേപ്പോലെ സർവ്വകലാശാലാ വിദ്യാഭ്യാസത്തിന്റെ ഭാഗമായി തുടരണം. പ്ലസ്ടൂ കോഴ്സുകളുടെയും അതിന്റെ പരീക്ഷയുടെയും നടത്തിപ്പിന് പ്രത്യേക സംവിധാനം ഉണ്ടാകണം. പ്രീഡിഗ്രി ബാച്ചുകൾ കുറയ്ക്കുന്നതുകൊണ്ടുണ്ടാകുന്ന സ്ഥലസൗകര്യങ്ങളെയും അധിക അദ്ധ്യാപകരെയും ഉപയോഗിച്ച് പുതുതായി ബിരുദ-ബിരുദാനന്തര കോഴ്സുകൾ കോളേജുകളിൽ തുടങ്ങണം.

ഇങ്ങിനെ പ്രീഡിഗ്രി ബാച്ചുകൾ നിർത്തുന്നതുമൂലം വർക്ക്ലോഡ് ഇല്ലാതാകുന്ന അദ്ധ്യാപകർക്ക് കോളേജദ്ധ്യാപകരായി തുടരുന്നതിനുള്ള പൂർണ്ണ സംരക്ഷണം നൽകണം. മറിച്ചുള്ള ഏതു നീക്കത്തെയും സംഘടന ശക്തമായി ചെറുക്കും. സർവ്വകലാശാലാ നിയമങ്ങൾക്കനുസൃതമായി കോളേജുകളിൽ നിയമിക്കപ്പെട്ട മുഴുവൻ അദ്ധ്യാപകരുടെയും സംരക്ഷണം ഉറപ്പുവരുത്തിക്കൊണ്ടുമാത്രമേ പ്രീഡിഗ്രി പുനഃസംഘാടനം പ്രാവർത്തികമാക്കി തുടങ്ങാവൂ എന്ന് അസന്നിഗ്ദ്ധമായി സംഘടന സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. കോളേജദ്ധ്യാപകരുമായി വിശദമായ ചർച്ചകൾക്കുശേഷമേ ഇക്കാര്യത്തിൽ സർക്കാർ തീരുമാനം എടുക്കുകയു

ള്ളുവെന്ന് വിദ്യാഭ്യാസമന്ത്രി ഉറപ്പ് നൽകിട്ടുള്ളതാണ്. അദ്ധ്യാപകർക്ക് ദോഷക
രമായ തീരുമാനങ്ങളുണ്ടായാൽ ശക്തമായ പ്രക്ഷോഭത്തിന് നാം സജ്ജരാകുക
യും വേണം. പത്രവാർത്തകളിലും കുപ്രചരണങ്ങളിലും കുടുങ്ങാതെ സംഘടനാ
നിലപാടിൽ ഉറച്ചുനിന്ന് അവകാശസംരക്ഷണത്തിന് കരുത്തേകുന്ന പ്രവർത്തന
ളിൽ എല്ലാ അംഗങ്ങളും വ്യാപൃതരാകണം.

അപവാദപ്രചരണങ്ങളും, അസത്യപ്രസ്താവനകളുമായി ഇതര സംഘടനകൾ
മാളത്തിൽനിന്നും പുറത്തു വന്നിട്ടുണ്ട്. നമ്മുടെ വിദ്യാഭ്യാസമേഖലയെ സ്വകാര്യ
താല്പര്യത്തിന് അടിയറവച്ചുകൊണ്ട് സ്വാശ്രയ-അൺഎയിഡഡ് കോളേജുകൾ
വ്യാപകമായി അനുവദിച്ച് യു. ഡി. എഫ്. സർക്കാർ വിദ്യാഭ്യാസക്കച്ചവടം നട
ത്തിയപ്പോൾ ഇതര സംഘടനകൾ എവിടെപ്പോയി ഒളിച്ചിരിക്കയായിരുന്നു. ഈ
സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസത്തെ അട്ടിമറിക്കാൻ മുൻസർക്കാർ നിയമവിരു
ദ്ധമായിപ്പോലും നീങ്ങിയപ്പോൾ അതിനെതിരെ നീണ്ടുനിന്ന നിയമയുദ്ധംപോ
ലും നടത്താൻ എ. കെ. പി, സി. ടി. എ. മാത്രമേ ഉണ്ടായിരുന്നുള്ളൂ. വികലമായ
വിദ്യാഭ്യാസനയത്തിനെതിരെ മർദ്ദനം സഹിച്ച് ഐതിഹാസികമായ പോരാട്ടം നട
ത്തിയതും നമ്മൾ മാത്രമാണ്. പത്രത്തിൽക്കൂടി മാത്രം പ്രവർത്തിക്കുന്ന മററു സം
ഘടനകൾക്ക് എ. കെ. പി. സി. ടി. എ. വിമർശനം മാത്രമാണ് സംഘടനാപ്രവർ
ത്തനമെന്ന് കാലങ്ങളായി കോളേജധ്യാപകർ അറിഞ്ഞവരാണ്.

പ്രീഡിഗ്രി വിഘടനത്തെപ്പററി ഇതരസംഘടനകൾ മുൻകാലങ്ങളിൽ സ്വീകരി
ച്ച അദ്ധ്യാപക വിരുദ്ധ നിലപാടുകൾ വിസ്മരിക്കാറായിട്ടില്ല. 1986-ലെ പ്രീ
ഡിഗ്രി ബോർഡ് വിരുദ്ധസമരത്തെ തുടർന്ന് രൂപീകരിച്ച വി. സി. കമ്മിററി
പ്രീഡിഗ്രി ബോർഡ് വേണമെന്നാണ് എഴുതിവെച്ചതെങ്കിലും 1987-ൽ വന്ന എൽ
ഡി. എഫ്. സർക്കാരിൻെറ ആദ്യതീരുമാനം പ്രീഡിഗ്രി ബോർഡ് റദ്ദാക്കുകയായി
രുന്നു. 1994-ൽ സർക്കാരിന് പി. സി. ടി. എ. സമർപ്പിച്ച രേഖയിൽ വി. സി. ക
മ്മിററി റിപ്പോർട്ട് നടപ്പാക്കണമെന്ന് വാദിച്ച കാര്യം മറന്നുപോയോ ? പ്രീഡിഗ്രി
ബോർഡിലേക്കു പോകാൻ ഓപ്ഷൻ കൊടുക്കണമെന്ന് പറഞ്ഞവരാണ് കെ. പി.
സി.ടി.യു. റൊട്ടേഷനനുസരിച്ച് ബോർഡിലേക്ക് കോളേജധ്യാപകരെ വിടണമെ
ന്ന് അഭിപ്രായപ്പെട്ടവരാണ് ലക്ചറേഴ്സ് ഫോറം. അന്നും കോളേജധ്യാപകരെ
ബോർഡിലേക്ക് വിടരുതെന്ന് അസന്നിഗ്ധമായി രേഖാമൂലം എഴുതി സർക്കാരി
നെ അറിയിച്ച സംഘടന എ. കെ. പി. സി. ടി. എ. ആണെന്ന് രേഖകൾ പരിശോ
ധിച്ചാൽ വ്യക്തമാകും. അധ്യാപക സംരക്ഷകരായി മേനി നടിക്കുന്നവരെ അ
ധ്യാപകർ തിരിച്ചറിയുമെന്നതിൽ സംശയമില്ല.

കേരളത്തിലെ കോളേജധ്യാപകർ ഇന്ന് അനുഭവിക്കുന്ന നേട്ടങ്ങൾ കഴിഞ്ഞ 38
വർഷങ്ങളായി അനവരതം എ. കെ. പി. സി. ടി. എ. നടത്തിയ ത്യാഗോജ്ജ്വലമായ
പോരാട്ടങ്ങളുടെ ഫലമാണെന്ന് സംഘടനാംഗങ്ങളല്ലാത്ത അധ്യാപകർപോലും സമ്മ
തിക്കും. കോളേജധ്യാപകരുടെ നിലനില്പിനെ ചോദ്യംചെയ്ത സന്ദർഭങ്ങളിലൊ
ക്കെയും പ്രക്ഷോഭസമരങ്ങളിലൂടെയും നിയമയുദ്ധത്തിലൂടെയും അവകാശങ്ങൾ

സംരക്ഷിച്ച സംഘടനയും നമ്മുടേതാണെന്ന് ഏവർക്കും അറിവുള്ളതാണ്. പ്രീഡിഗ്രി പുനഃസംഘാടനത്തിലും നിലവിലുള്ള മുഴുവൻ അധ്യാപകരുടെയും സംരക്ഷണം ഉറപ്പുവരുത്തുന്നതിൽ സംഘടന പ്രതിജ്ഞാബദ്ധമാണ്. നമ്മുടെ സംസ്ഥാനത്ത് പ്രീഡിഗ്രി പുനഃസംഘാടനം നടപ്പാക്കപ്പെടുമ്പോൾ നാളിതുവരെ സർവീസിലുള്ള എല്ലാ അധ്യാപകരുടെയും സംരക്ഷണം സംശയലേശമന്യേ ഉറപ്പു വരുത്തുവാൻ കൂടുതൽ ഐക്യബോധത്തോടും, ഉത്തരവാദിത്തബോധത്തോടും, സാമൂഹ്യപ്രതിബദ്ധതയോടും എ.കെ.പി./സി.ടി.എ. യുടെ കൊടിക്കീഴിൽ മുഴുവൻ സ്വകാര്യകോളേജ് അധ്യാപകരും അണിനിരക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

അഭിവാദനങ്ങളോടെ,

**കെ. പി. ദിവാകരൻ നായർ**

ജനറൽ സെക്രട്ടറി

---

# ബോട്ടണി ശില്പശാല

എ. കെ. പി. സി. ടി. എ അക്കാദമിക് കമ്മററിയുടെ ആഭിമുഖ്യത്തിൽ വിവിധ ഡിഗ്രി കോഴ്സുകളുടെ ഘടനയിലും ഉള്ളടക്കത്തിലും വരുത്തേണ്ട മാററങ്ങൾക്കുവേണ്ടി നടത്തിവരുന്ന വർക്ക്ഷോപ്പുകളുടെ ഭാഗമായി ബോട്ടണി കോഴ്സ് പുനഃസംഘടിപ്പിക്കുന്നതിനുള്ള ഒരു ഏകദിന ശില്പശാല എറണാകുളത്ത് സെൻറ് ആൽബർട്ട്സ് കോളേജിൽ നടന്നു. ഡിഗ്രിതലത്തിൽ വിവിധ വിഷയങ്ങൾ കാലോചിതമായി പുനഃസംഘടിപ്പിക്കുക എന്നത് ഇന്നത്തെ ആവശ്യമാണെന്നും എന്നാൽ മാത്രമേ അത് വിദ്യാർത്ഥികൾക്കും സമൂഹത്തിനും ഗുണംചെയ്യുകയുള്ളു എന്നും ശില്പശാല ഉദ്ഘാടനം ചെയ്തു കൊണ്ട് പ്രൊഫ. ജോയ് ജോബ് കുളവേലി അഭിപ്രായപ്പെട്ടു. കോഴ്സുകൾ പുനഃസംഘടിപ്പിക്കുമ്പോൾ അദ്ധ്യാപകരെ വിവിധ വിഷയങ്ങൾ പഠിപ്പിക്കുന്നതിന് പ്രാപ്തരാക്കുവാൻ സർവകലാശാലകൾ അതിനുള്ള സംവിധാനവും ആവിഷ്കരിക്കേണ്ടതുണ്ട്.

ഡോ. മാണി വർഗ്ഗീസ് ''മഷറും കൃഷി കേരളത്തിൽ: സാദ്ധ്യതകളും പ്രാധാന്യവും'' എന്ന വിഷയത്തിൽ പ്രബന്ധം അവതരിപ്പിച്ചു. ഡോ: തോമസ് മാത്യു ഇക്കണോമിക് ബോട്ടണിയുടെ ആവശ്യകതയെകുറിച്ച് പ്രബന്ധം അവതരിപ്പിക്കുകയുണ്ടായി. തുടർന്നു നടന്ന ചർച്ചകളിൽ ഡോ: ടി. ജി. റേയ്, ഡോ: പി. എൻ, ഗണേശ്, ഡോ. കെ. എ. ജോർജ്ജ്, പ്രൊഫ. ഭവാനി, പ്രൊഫ. ജെയിംസ് ഫിലിപ്പ്, പ്രൊഫ. ജോർജ് മുരിക്കൻ, പ്രൊഫ. ജോർജ്ജ് ജോസഫ് എന്നിവർ പങ്കെടുത്തു.

ഡോ. ജോസഫ് ജോസ് അദ്ധ്യക്ഷത വഹിച്ചു, പ്രൊഫ. എം.എ. ജോൺ സ്വാഗതവും പ്രൊഫ. വി.സി. ആൻറണി കൃതജ്ഞതയും രേഖപ്പെടുത്തി. ഡിഗ്രി തലത്തിലെ ബോട്ടണിയുടെ പുതിയ സിലബസ്സിന് ശില്പശാല രൂപം നല്കി. ഇത് വിവിധ സർവ്വകലാശാല ഭരണസമിതികൾക്ക് സമർപ്പിക്കുന്നതാണ്. കേരളത്തിലെ വിവിധ സർവ്വകലാശാലകളിൽ നിന്നുമുള്ള അദ്ധ്യാപക പ്രതിനിധികൾ ശില്പശാലയിൽ പങ്കെടുത്തു.

# SUSTAINABLE DEVELOPMENT

K. VIJAYAKRISHNAN

N. S. S. Hindu College, Changanacherry

There is no gainsaying that underdeveloped economics should develop. To realise this objective, a development strategy has to be formulated. The most important step in this direction is to identify the factors that have a bearing on development. It is also imperative to analyse the impact of these factors on the environment or nature which is the perennial source of the material necessary for development. An attempt is to be made to strike a balance between environment preservation and economic development.

The need for preservation of the environment cannot be over - emphasised. Doubtless, development takes its toll on the environment. And the environment has an inherent capacity to withstand the strains. But this power has its limits. The process of development must never be allowed to play havoc with the environment. That will lead to disaster and destruction of the earth. Ofcourse, this may not happen in a day or two. But by no means, this is not far-fetched or wild imagination. The portends are extremely clear. If the assault on the environment, in the name of development, goes on at the present alarming rate, the prospects of human and animal life on earth, are going to be bleak.

## The concept

So we should be on our guard against putting at stake the very existence of the future generation. When we think of economic and social development, inter-generational fairness must be utmost in our mind. The goals of development must be defined in terms of sustainability. Sustainable development is development which can be sustained for generations. It is a development concept which takes into account the interests of the future generation as well. It is based upon the ideal that we have a moral obligation to posterity. Our actions should not lead to the denial of their right to live and prosper. This is the ethics of sustainable development.

It might be useful here to make a brief reference to the origin of this concept of growth. The United Nations General Assembly, through a resolution in 1983, set up the World Commission on Environment and Development headed by Mrs. Gro Harlem Broudtland, Prime Minister of Norway. The report of the Broadtland Commission entitled "Our Common Future" was submitted to the General Assembly in March 1987. This report raised a number of issues which deserve careful analysis and study by development economists. The concept of sustainable Development

and the strategy for realising the same are enunciated in an extremely lucid manner n the report.

## Ideology and Technology

Sustainable development pre-supposes a re-orientation and re-examination of present-day development strategies. The question is whether we are aiming at an increase in gross national income or whether our concept of growth includes social objectives like increases in real **per capita** income, improvements in health and nutrition, an equitable distribution of income and political freedom. Here the concept is nearer to Amertya Sen's growth theory. The achievement of social goals is imperative for sustainable growth. It implies that the quality of growth is a most pertinant factor in this process. There is the need for reducing the relative inequality of incomes among people and nations through distributive justice. That is the real measure of economic development. Development should be aimed at eradication of poverty, reduction of the distance between the rich and the poor and a general improvement of the quality of human life.

This is not easy to realise. A great deal of imaginative and well thought out strategies have to go into the planning process. An important pre-requisite is that a sustainable level of population has to be ensured. The problem is all the more acute in under developed countries. In fact, over-population is the major cause of their poverty. At least 15 per cent of the world's total population is living in abject poverty in conditions of malnutrition, illiteracy, diseases and high rates of infant mortality. Sub-Saharan Africa and South Asia have the greatest concentration of absolute poverty. The conditions are only marginally better in Latin America. Absolute poverty prevails in many parts of the region. Ofcourse there is a view that the relation between population and development is not a one way traffic, economic development also shapes the population and human resources are a great asset. This may be true if there are concrete plans to provide employment and to make the best use of the human potential for economic development. In the absence of such conditions, no doubt, over-population will retard economic development.

The second imperative is the selection of a sustainable technology. The problem is one of going for a technology which makes the least assault on nature and which restricts the damage to the environment to the minimum. Modern technology has its advantages. It has helped in the multiplication of production. But in this process, it is extracting a great price from the environment. So an environment-friendly technology has to be adopted. The developing and under-developed countries cannot turn their back on modern and sophisticated technology. At the same time, a complete break with their traditional and conventional techniques is also not desirable.

The dilemma over techniques is very much present in the under developed countries. But definitely there is a way out for these countries. The solution lies in the developing an appropriate technology. The concept of Intermediate Technology developed by Schumacher is relevant in this connection. Such a technology is better than the obsolete and orthodox techniques existing in these countries, although the same may be the wanting and inferior compared with the technology used in developed countries. Schumacher considers

it as a compromise between the obsolete primitive technology of underdeveloped countries and the sophisticated modern technology of rich countries. According to Schumacher the gap between Intermediate technology and modern technology is £ 70—£ 100. On the other hand, it falls within the range of £ 1 — £ 1000 between obsolete technology in an underdeveloped country and modern technology. It is clear that the £ 70 — £ 100 gap is easy to be bridged. But the one between one pound technology and £ 1000 technology is too wide to be bridged. So the selection of an intermediate technology is recommended by Schumacher for the underdeveloped countries.

However, in all cases, the intermediate technology does not need to be the same as an appropriate technology conclusive to sustainable growth. From the point of view of environment conservation there is no doubt that the best sustainable techniques of production are the Primitive methods which are environment-friendly. These methods are in tune with the natural order. They make use of the locally available resources and are energy-saving. These techniques can be modified and revitalised and put to the best use for maximising production.

We should always bear in mind the fact that dovelopment is more than merely the growth of incomes. The full development of the potentials of the individual is inseperable from the process. We will be naive if we think that the goals of develop ment can be attained by reckless exploitation of the environment.

Environment is not a concern of the poor only. The rich are also exposed to the disastrous consequences of environment degradation. Still the fact remains that the poor are the worst hit. For those who pursue traditional occupations, crisis in the environment will result in the loss of their means of livelihood. They will loose the sources of fuel and fodder and other similar sources of living. Hence it is necessary that development strategies are so articulated as to make the least assault on the environment. The conservation of the environment should become part of policy making.

From the above discussion, it can be inferred that sustainable development implies a balanced growth. It is a concept of growth which ensures equitable opportunities for all. Social justice is its cherished goal. The interests of the future generation must be taken care of. We should opt for an appropriate technology which keeps development at a sustainable level. A whole new approach has to be adopted towards development. What is needed is a fresh look at development and a refashioning of its perspectives. Economic development is not an end in itself. Social development is our ultimate objective. Man does not live in the present alone. He has a moral commitment to be fair and just to the future generation. So we have to plan and develop for the present and the future. Sustainable development is a process in which development can be sustained for generation. We have to redefine and re-orient our goals for social and economic development in terms of sustainability.

The most urgent need of the hour is to create an awareness about the dangerous course we have presently chosen. The current race after fast and reckless development could lead to the tragedy of environmental degradation, the logical result

# സർവകലാശാലാ വിദ്യാഭ്യാസത്തിന്റെ പുനഃസംഘാടനം

## സെമിനാർ റിപ്പോർട്ട്*

സർവ്വകലാശാലാ വിദ്യാഭ്യാസത്തിന്റെ പുനഃസംഘാടനത്തെക്കുറിച്ച് പന്തളം എൻ. എസ്. എസ്. കോളേജ് എ കെ പി സി ടി എ യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ നവം.24ന് കോളേജ് ഓഡിറ്റോറിയത്തിൽ നടന്ന സെമിനാർ പ്രിൻസിപ്പൽ ഡോ. ആർ. ശിവരാമകൃഷ്ണപിള്ള ഉദ്ഘാടനം ചെയ്തു. സംഘടനയുടെ അക്കാദമിക് കമ്മിറ്റി കൺവീനറും കോഴഞ്ചേരി സെന്റ് തോമസ് കോളേജ് സാമ്പത്തിക ശാസ്ത്രവിഭാഗം മേധാവിയുമായ ഡോ. പി. ജെ ഫിലിപ്പ് വിഷയം അവതരിപ്പിച്ചു. തുടർന്നു നടന്ന ചർച്ചയിൽ സംഘടനാഭേദമന്യേ നിരവധി അധ്യാപകരും വിദ്യാർത്ഥികളും സജീവമായി പങ്കുകൊണ്ടു. പരിഗണനാർഹങ്ങളായ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ചർച്ചയിൽ ഉരുത്തിരിഞ്ഞു

### പുനഃസംഘാടനം എന്തുകൊണ്ട്?

വിദ്യാഭ്യാസം സാമൂഹിക പ്രതിബദ്ധതയും സാമൂഹിക പ്രസക്തിയുള്ളതും സമൂഹത്തിന്റെ പുനഃസൃഷ്ടിക്ക് ഉതകുന്നതുമായിരിക്കണം. വ്യക്തികൾക്ക് പുതിയ അറിവുകൾ പകർന്നു കൊടുക്കുന്നതോടൊപ്പം അവരുടെ മാനസികശക്തി വർദ്ധിപ്പിക്കുവാനും കഴിയണം. ആർജ്ജിതവിജ്ഞാനം വ്യക്തികളുടെ സാമ്പത്തിക വളർച്ചക്കും സഹായകരമായിരിക്കണം. സർവ്വോപരി വ്യക്തികളുടെ പ്രവർത്തനക്ഷമതയെ പ്രചോദിപ്പിക്കുന്നതായിരിക്കണം വിദ്യാഭ്യാസം.

നിലവിലുള്ള എല്ലാ കോഴ്സുകളും അവയുടെ ചരിത്രധർമ്മം നിർവ്വഹിച്ചുപോന്നിട്ടുണ്ട്. എന്നാൽ വൈജ്ഞാനിക മേഖലയിലും സമൂഹത്തിന്റെ കാലാനുസൃതമായ ആവശ്യങ്ങൾക്ക് അനുയോജ്യമായി കോഴ്സുകളുടെ ഉള്ളടക്കത്തിൽ മാറ്റങ്ങളുണ്ടാവണം. അതായത് പുനഃസംഘാടനം അനവരതം നടക്കേണ്ടപ്രക്രിയയാണ്. പക്ഷേ, കാലോചിതമായ മാറ്റങ്ങൾ വരുത്തുന്നതിൽ നാം വേണ്ടത്ര ശ്രദ്ധിച്ചില്ല അതുകൊണ്ട് നമ്മുടെ വിദ്യാഭ്യാസ സമ്പ്രദായം ആകെപ്പാടെ ജീർണ്ണിച്ചിരിക്കുന്നു. ഈ ജീർണ്ണത അകറ്റുന്നതിനും വിദ്യാഭ്യാസത്തിന്റെ നഷ്ടപ്പെട്ടുപോയ മഹത്വം വീണ്ടെടുക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ സത്വരം ഉണ്ടാകണം. പ്രതിഭകളെ സൃഷ്ടിക്കാൻ കഴിയുന്ന ദേശീയ നിലവാരമുള്ള ഒരു വിദ്യാഭ്യാസ രീതിയാണ് ആവിഷ്കരിക്കേണ്ടത്.

### പ്രീഡിഗ്രി വേർപെടുത്തുമ്പോൾ

ദേശീയനയത്തിന്റെഭാഗമായി പ്രീഡിഗ്രി കോഴ്സ് സർവകലാശാലകളിൽ നിന്ന് വേർപെടുത്തേണ്ടി വരും എന്നുള്ളത് തത്വത്തിൽ എല്ലാവരും അംഗീകരിക്കുന്നു. പക്ഷെ കോളേജുകളിൽ ഇപ്പോൾ പ്രീഡിഗ്രിയ്ക്ക് കിട്ടുന്ന അടിസ്ഥാനസൗകര്യങ്ങൾ സ്കൂളുകളിൽ ലഭ്യമാക്കിയിട്ടുവേണം സ്കൂളിലേക്ക് പ്രീഡിഗ്രി മാറ്റുവാൻ. പ്രീഡിഗ്രിയുടെ നിലവാരം നിലനിർത്താൻ കഴിഞ്ഞില്ലെങ്കിൽ ഭാവിയിൽ ഡിഗ്രികോഴ്സുകളുടെ നിലവാരത്തകർച്ചയ്ക്ക് അത് ഇടനൽകും.

of which will be a great human disaster. We need a holistic approach in dealing with the problems associated with development and environmental preservation. This is absolutely necessary if we have to preserve for future generations some semblence of the biological order of the eco-system and natural resources. It should not be thought that the protection of the environment is the only test of sustainable development. Sustainability envisages a harmonious balancing act in which the uppermost consideration is growth with quality, ensured and guaranteed for several generations.

*തയ്യാറാക്കിയത്: ഡോ. കെ. എൻ. പി. കുറുപ്പ്, റീഡർ, എൻ. എസ്. എസ്. കോളേജ്, പന്തളം.

# ഡിഗ്രി കോഴ്സുകളുടെ പുനഃസംവിധാനം

വിജ്ഞാന വളർച്ചയെ പരിപോഷിപ്പിക്കുക എന്നുള്ളത് യൂണിവേഴ്സിറ്റികളുടെ പരമമായ ധർമ്മമാണ്. പി. ജി. യ്ക്കും ഗവേഷണത്തിനും പോകാൻ താല്പര്യമുള്ളവർക്ക് വേണ്ടി ഇപ്പോഴത്തെ രീതിയിലുള്ള കോഴ്സുകൾ നിലനിർത്തേണ്ടതാണ്. എന്നാൽ മിക്കവരും അണ്ടർഗ്രാഡുവേറ്റ് ഡിഗ്രികൊണ്ട് വിദ്യാഭ്യാസം അവസാനിപ്പിക്കുന്നവരാണ്. അവർക്ക് തൊഴിൽ ലഭ്യത ഉറപ്പുവരുത്തുന്ന നിരവധി ആവശ്യാധിഷ്ഠിത കോഴ്സുകൾ ഉണ്ടാകണം. അതുകൊണ്ട് അണ്ടർഗ്രാഡുവേറ്റ് കോഴ്സുകൾ രണ്ടു പാറ്റേണിൽ രൂപകല്പന ചെയ്യേണ്ടതാണ്.

Three Main സിസ്റ്റം പഠിക്കുന്നവർക്ക് മൂന്നു വിഷയങ്ങളിലൊന്നിന് പി. ജി. ക്കു പോകുന്നതിന് സൗകര്യം കിട്ടുമെന്നതാണ് അതിന്റെ ഒരു മെച്ചമായി ചൂണ്ടിക്കാണിക്കാനുള്ളത്. പക്ഷെ വിജ്ഞാനവിസ്ഫോടനത്തിന്റെ കാലഘട്ടത്തിൽ മൂന്ന് ശാസ്ത്ര വിഷയങ്ങൾ ആഴത്തിൽ പഠിക്കുവാൻ കഴിയുകയില്ല. ഫലത്തിൽ മൂന്ന് മെയിനുകൾ മൂന്നു സബ്കളായി മാറാനാണ് സാദ്ധ്യത. ഒരു മെയിൻ വിഷയത്തിൽ പ്രാവീണ്യം നേടുന്നതാണ് അഭികാമ്യം. ഒരു മെയിൻ സബ്ജക്ട് പഠിക്കുമ്പോൾ അതിന്റെ പഠനത്തിന് സഹായകമായ മറ്റ് വിഷയങ്ങളിലുള്ള വിജ്ഞാനവും വേണ്ടിവരും. ഉദാഹരണമായി ഇക്കണോമിക്സ്, ബോട്ടണി, സുവോളജി എന്നിവ പഠിക്കുന്നവർക്ക് സ്റ്റാറ്റിസ്റ്റിക്സ് ആവശ്യമാണ്. അത്തരം വിഷയങ്ങൾ കൂടി മെയിൻ സബ്ജക്ടിന്റെ പേപ്പറുകളായി പഠിപ്പിക്കണം.

ബേസിക് ഡിഗ്രികൊണ്ട് വിദ്യാഭ്യാസം അവസാനിപ്പിക്കുന്നവർക്ക് ജോലിസാദ്ധ്യതയുള്ള അല്ലെങ്കിൽ സ്വയം തൊഴിൽ കണ്ടെത്തുന്നതിന് പര്യാപ്തമായ അനുബന്ധവിഷയങ്ങൾ കൂടി അവരുടെ മെയിൻ വിഷയത്തോടൊപ്പം പഠിപ്പിക്കണം. അങ്ങനെ കോഴ്സുകളുടെ വൈവിദ്ധ്യവൽക്കരണം ആണ് ഇന്നത്തെ ആവശ്യം. തദ്ദേശീയ ആവശ്യങ്ങൾക്കനുസൃതമായി ഇഷ്ടമുള്ള സബ്ജക്ട് കോമ്പിനേഷനുകൾ ആവിഷ്ക്കരിക്കുവാൻ കോളേജുകൾക്ക് സ്വാതന്ത്ര്യം (autonomy) നൽകണം. സർവകലാശാലകൾ അത്തരം കോഴ്സുകൾക്ക് അക്രെഡിറ്റേഷൻ കൊടുക്കുകയാണ് വേണ്ടത്.

## ടെക്സ്റ്റ് ബുക്ക് പരിഷ്കരണം

കാര്യക്ഷമമായി പഠിപ്പിക്കാൻ കഴിയുന്ന തരത്തിലുള്ള ടെക്സ്റ്റ് ബുക്കുകൾ ഉണ്ടാകണം. ഭാഷാ ടെക്സ്റ്റ് ബുക്കുകൾ സാമൂഹ്യവീക്ഷണവും മതനിരപേക്ഷതയും ദേശീയ ബോധവും വളർത്തുന്ന പാഠങ്ങൾ ഉൾക്കൊള്ളുന്നതാകണം.

## ബോധന രീതി

ബ്ലാക്ക്ബോർഡ് സമ്പ്രദായത്തിൽ നിന്ന് നാം ഏറെ മുന്നോട്ടു പോകേണ്ടതുണ്ട്. സ്ലൈഡുകളും വീഡിയോ ടേപ്പുകളും ഉപയോഗിച്ച് പഠിപ്പിക്കുന്നതിന് തക്കവിധം ക്ലാസുമുറികൾ സജ്ജീകരിക്കണം. കൂടാതെ ക്ലാസുകളിൽ കുട്ടികളുടെ സജീവപങ്കാളിത്തം ഉണ്ടാകുന്ന വിധത്തിലായിരിക്കണം ബോധനം.

## പരീക്ഷ സമ്പ്രദായം

ഓർമ്മശക്തി പരീക്ഷിക്കുന്നവാർഷിക പരീക്ഷാസമ്പ്രദായം മാറണം. കുട്ടികൾ നിരന്തരം വിലയിരുത്തലിനുവിധേയരാകണം. ഇന്റേർണൽ അസെസ്മെന്റും, സെമസ്റ്ററും വേണം. മാർക്കിനുപകരം ഗ്രേഡ് നൽകുന്നരീതിയും പരിഗണിക്കണം.

## അദ്ധ്യാപക നിയമനവും പരിശീലനവും

അദ്ധ്യാപക നിയമനം യോഗ്യതയുടെ അടിസ്ഥാനത്തിലാവണം. അദ്ധ്യാപകർക്കു ഇടയ്ക്കിടെ പരിശീലനം (inservice) നൽകുന്നതിനുവേണ്ട ഏർപ്പാടുണ്ടാവണം.

പ്രൊഫ. പി. ഗോപാലകൃഷ്ണപിള്ള അദ്ധ്യക്ഷതവഹിച്ച യോഗത്തിൽ പ്രൊഫ. പി. എൻ. ഗംഗാധരൻ നായർ സ്വാഗതം പറഞ്ഞു. ഡോ. കെ. എൻ. പി. കുറുപ്പ് മോഡറേറ്റർ ആയിരുന്നു. ഡോ. ടി ആർ ഗോപിനാഥൻ കർത്താ നന്ദി പ്രകടിപ്പിച്ചു.

With best compliments from:

## THE OTTAPALAM CO-OPERATIVE URBAN BANK LTD.,

**No. F. 1647**

OTTAPALAM – 679 101, PALAKKAD DISTRICT

P. B. No. 14 Phone (0492) 644756

| Branches: | | | Phone |
|---|---|---|---|
| | 1. | Main branch, Ottapalam | 644356 |
| | 2. | Morning & Evening branch, Ottapalam | 644271 |
| | 3. | Lakkidi branch, Lakkidi | 644491 |
| | 4. | Koonathara branch, Koonathara | 662378 |
| | 5. | Ananganadi branch, Panamanna | – |
| | 6. | Ambalappara branch, Ambalappara | – |

M. Hamza,
President

M. Balakrishnan,
Secretary



## പി. ജെ. ഫിലിപ്പിന് ഡോക്ടറേറ്റ്

കോഴഞ്ചേരി സെൻറ് തോമസ് കോളേജ് ധനതത്വശാസ്ത്രവിഭാഗം മേധാവി പ്രൊഫ. പി. ജെ. ഫിലിപ്പിന് കേരള സർവകലാശാലയിൽനിന്നും 'Peasant Differentiation and Capitalist Farming' എന്ന പ്രബന്ധത്തിന് പി. എച്ച്. ഡി. ലഭിച്ചു. ഡോ. കെ. രാമചന്ദ്രൻനായരുടെ മേൽനോട്ടത്തിലായിരുന്നു ഗവേഷണം.

ഡോ. പി.ജെ. ഫിലിപ്പ് എ. കെ. പി. സി. ടി. എ. സംസ്ഥാന സെക്രട്ടറിയായിരുന്നു. ഇപ്പോൾ സംഘടനയുടെ അക്കാദമിക് കമ്മിറ്റി കൺവീനറായി പ്രവർത്തിക്കുന്നു. മഹാത്മാഗാന്ധി സർവകലാശാല സെനറ്റ് അംഗമാണ്.

ഡോ. പി. ജെ. ഫിലിപ്പിന് സംഘടനയുടെ അനുമോദനങ്ങൾ.

## ആശാഗോപാലകൃഷ്ണന് ഡോക്ടറേററ്



കോഴഞ്ചേരി സെൻറ് തോമസ് കോളേജിലെ അധ്യാപികയായ ആശാ ഗോപാലകൃഷ്ണന് കൊച്ചി സർവ്വകലാശാലയിൽ നിന്നും സ്റ്റാററി സ്ററിക്സിൽ ഡോക്ടറേററ് ലഭിച്ചു. പ്രൊഫ. എൻ. ഉണ്ണികൃഷ്ണൻ നായരുടെ മേൽനോട്ടത്തിലാണ് ഗവേഷണപ്രബന്ധം തയ്യാറാക്കിയത്. ഷിപ്പ്യാർഡ് റിട്ട: മാനേജർ കെ. ഗോപാലകൃഷ്ണൻെറ പുത്രിയും ഗ്രാസിം ഇൻഡസ്ട്രീസ് (മാവൂർ) എഞ്ചിനീയർ പി. ശശിധരൻപണിക്കരുടെ ഭാര്യയുമാണ്.

എ.കെ.പി.സി.ടി.എ-യുടെ സജീവാംഗമായ ഡോ. ആശാഗോപാലകൃഷ്ണന് സംഘടനയുടെ അഭിനന്ദനങ്ങൾ.

## എം.ആർ. സുദർശനകുമാറിന് ഡോക്ടറേററ്



കേരള സർവ്വകലാശാലയിൽനിന്നും കെമിസ്ട്രിയിൽ ഡോക്ടറേററ് നേടിയ എം. ആർ. സുദർശനകുമാർ. ഡോ. സി. ജി. രാമചന്ദ്രൻനായരുടേയും ഡോ. സി. പി. പ്രഭാകരൻേറയും മേൽനോട്ടത്തിലായിരുന്നു ഗവേഷണം. ധനുവച്ചപുരം വി. ടി. എം. എൻ.എസ്.എസ്. കോളേജ് രസതന്ത്രവിഭാഗത്തിലെ അധ്യാപകനായ ഡോ. സുദർശനകുമാർ എ.കെ.പി.സി.ടി.എ-യുടെ സജീവ പ്രവർത്തകനാണ്. ചെങ്ങന്നൂർ എസ്.എൻ. കോളേജ് അധ്യാപിക ഡോ. എസ്. സുമയാണ് ഭാര്യ.

ഡോ. സുദർശനകുമാറിന് എ. കെ. പി. സി. ടി. എ-യുടെ അനുമോദനങ്ങൾ.

## ABSTRACT OF Ph. D. THESIS

# Role of Primary Agricultural Credit Societies in the Agrarian Development of Kerala

By: Dr. S. MOHANAN
Dept. of Commerce,
V T M N S S College
Dhanuvachapuram.

Supervising Teacher :
Dr M. K. RAMACHANDRAN NAIR
Director,
Institute of Mangement in Kerala
University of Kerala
Trivandrum

Thesis submitted—August 1991

Degree awarded Nov. 1992

The importance of agriculture in the Indian Economy needs no emphasis. It is the source of livelihood for over 70 per cent of the country's total population, which figure, when compared with the corresponding world averages, is staggeringly high. The share contribution of agriculture to the National Income of India is about 40 percent. Agriculture in no other developing country in the world accounts for so huge a volume of its Gross National Product. Nearly one third of the export trade of India is on agriculture and allied products. To be more precise, agriculture and allied products constitute about :0 per cent of the country's total exports. The well said maxim, produce more or perish is, therefore more appropriate to the agricultural sector of India than to any other sector of the nation's economy.

To produce more, agriculture needs inputs. Among all other inputs finance in the form of credit is the most essential because it is the medium through which other inputs like seeds, implements, fertilisers, pesticides, etc., can be obtained. Agricultural credit is, therefore, central to agricultural development and to increase agricultural production. Timely availability of credit is of utmost importance for agricultural development and increased agricultural production. This is all the more crucial in the Indian Agricultural sector where the vast majority of cultivators are small and marginal farmers with no other resource than credit.

The sources of credit available to the agriculturists are institutional and non-institutional. Institutional sources of credit include Co-operatives, Commercial Banks, Regional Rural Banks etc. In India co-operatives have emerged as one of the main institutional agencies for agricultural credit because of the multifarious services they can render to Indian Agriculture besides disbursing credit. Co-operative credit is made available for short term, medium term and for long

term periods. Short term and medium term credits are made available through Primary Agricultural Credit Societies (PACS) and long term credit through Agricultural Development Banks.

PACS are granting short term agricultural loans to farmers to meet their working capital requirements such as purchase of seeds, fertilisers and pesticides and to pay wages for labourers employed. The object is an all-round increase in the agricultural output, income, employment, savings and standard of living of the borrowers. The extent to which the PACS in Kerala have been able to achieve this economic development in each of its variables seems a significant subject to be analysed and evaluated in the interest of the State's agricultural community as well as agricultural progress. The study is an attempt in that direction and aims to analyse and assess the impact of short term agricultural credit from PACS on agricultural production, income, employment, savings and standard of living of the borrowers.

## METHODOLOGY

The study is exploratory in character based on survey method. Primary date were obtained from the farmers with the help of a field survey using pre-structured schedule and sampling techniques. A multi-stage random sampling technique is adopted for the selection of respondents. Six hundred sample respondents of agriculturists (400 borrowers and 200 non-borrowers) were interviewed by the researcher directly to assess their agricultural production, income, number of man-days of employment, saving, standard of living, etc. To identify the impact of credit the 'with or without' approach is followed. The collected data were analysed by using statistical techniques such as ratios, percentages, averages, co-efficient of correlation, and tests of significance like 'z' text, 't' test and 'chi-square' test.

## FINDINGS OF THE STUDY

1. It is seen that there is no significant impact of credit on the agricultural production of all the four major crops selected for study.

2. Short term agricultural credit granted by PACS has not helped the farmers in increasing their agricultural income.

3. It was found that short term agricultural credit disbursed by PACS did not increase the days of employment of the borrowers in a significant manner.

4. The credit provided by PACS has not made any significant impact on the savings of the borrowers.

5. It is seen that the grant of credit by PACS has not been instrumental in increasing the savings of the borrowers.

6. The working of the PACS has succeeded in influencing the farmers to get their children educated.

7. It is seen that the level of social participation is slightly more among the borrowers than among the non-borrowers.

8. The farmers in the borrower group could not increase their consumption level.

9. The level of entertainment of the borrowers and non-borrowers reveals that the borrowers have a level lower than that of the non-borrowers.

* ശമ്പളക്കമ്മീഷൻ റിപ്പോർട്ടുകൾ പ്രസിദ്ധീകരിക്കുക *

* ഇടക്കാലാശ്വാസം അനുവദിക്കുക*

## ഐഫക്ടോയുടെ ആഭിമുഖ്യത്തിൽ

# ഡിസംബർ 10ന് അവകാശദിനം ആചരിച്ചു

അഞ്ചാം ശമ്പളക്കമ്മീഷൻറിപ്പോർട്ടും റസ്തോഗി കമ്മീഷൻ റിപ്പോർട്ടും പ്രസിദ്ധീകരിക്കുക, കേന്ദ്രനിരക്കിൽ ഇടക്കാലാശ്വാസം അനുവദിക്കുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ചു കൊണ്ട് ഡിസംബർ 10ന് സർവകലാശാലാ കോളേജധ്യാപകർ അവകാശദിനമാചരിച്ചു. കോളേജ് സർവകലാശാലാ അദ്ധ്യാപകരുടെഅഖിലേന്ത്യാ സംഘടനയായ ' ഐഫക്ടോ' യുടെ ആഹ്വാനമനുസരിച്ച് സംസ്ഥാനതലസ്ഥാനങ്ങളിൽ ധർണ നടത്തുവാനുള്ള തീരുമാനത്തിൻെറ ഭാഗമായി തിരുവനന്തപുരത്ത് സെക്രട്ടേറിയററ് നടയിൽ ധർണ നടത്തി. കോളേജധ്യാപക സംയുക്തസമരസമിതിയുടെയും കേരളസർവ്വകലാശാല അദ്ധ്യാപകരുടെയും ആഭിമുഖ്യത്തിൽ വി ജെ ടി ഹാളിനുമുൻപിൽ നിന്നും ആരംഭിച്ച പ്രകടനം സെക്രട്ടറിയേററു നടയിൽ എത്തിയ ശേഷമാണ് ധർണ ആരംഭിച്ചത്. കോളേജുകളിൽ അദ്ധ്യാപകർ ബാഡ്ജ് ധരിച്ച് അവകാശദിനമാചരിച്ചു.

കമ്പിത്തപാൽ ജീവനക്കാരുടെ നേതാവ് സ. കൃഷ്ണൻ ധർണ ഉദ്ഘാടനം ചെയ്തു. അഞ്ചാം ശമ്പളക്കമ്മീഷൻ റിപ്പോർട്ടും റസ്തോഗികമ്മീഷൻ റിപ്പോർട്ടും പ്രസിദ്ധീകരിച്ചു നടപ്പാക്കുന്നതിൽ അനാവശ്യമായ കാലതാമസം വരുത്തിയിരിക്കുകയാണെന്നും അതുവഴി ജീവനക്കാർക്ക് ഭീമമായ സാമ്പത്തിക നഷ്ടം വന്നിരിക്കുകയാണെന്നും, അദ്ദേഹം പറഞ്ഞു. കേന്ദ്ര ഗവ. ജീവനക്കാർക്ക് മൂന്നു ഗഡു ഇടക്കാലാശ്വാസം ഇതിനകം നൽകിക്കഴിഞ്ഞു. എന്നാൽ കേരളത്തിൽ ആദ്യഗഡുവായ നൂററു പരമാത്രമാണ് അനുവദിച്ചിട്ടുള്ളത്. അതു നൽകിയതാകട്ടെ ഇരുപത്തി ഒൻപതുമാസങ്ങൾക്കുശേഷമാണുതാനും. രണ്ടും മൂന്നും ഗഡു ഇടക്കാലാശ്വാസം ഇനിയും അനുവദിച്ചിട്ടില്ല. ജീവനക്കാർക്ക് അർഹതപ്പെട്ട ഇടക്കാലാശ്വാസം കേരള സർക്കാർ ഉടൻനൽകണമെന്ന് സ. കൃഷ്ണൻ അഭ്യർത്ഥിച്ചു.

കെ എസ് ടി എ നേതാവ് സ.എം.എസ് ഡാനി, ഐഫക്ടോ സെക്രട്ടറി പ്രൊഫ. എസ്. വിശ്വനാഥൻ, സർവകലാശാല അദ്ധ്യാപക നേതാവ് ഡോ. എ. ആർ. രാജൻ, എൻ. ജി. ഒ. യൂണിയൻ പ്രസിഡണ്ട് സ. കെ. വരദരാജൻ, സെക്രട്ടേറിയററ് ജീവനക്കാരുടെ നേതാവ് സ. പി. വിശ്വംഭരൻ എന്നിവർ ധർണയെ അഭിവാദ്യം ചെയ്ത് സംസാരിച്ചു.

സർവശ്രീ കെ. പി. ദിവാകരൻനായർ, എസ്. വിശ്വനാഥൻ, കെ. കെ. വിശ്വനാഥൻ വി. കാർത്തികേയൻനായർ, ടി. വി. ബാലൻ. എന്നിവർ പ്രകടനത്തിനും ധർണക്കു നേതൃത്വം നൽകി. □

## എ കെ പി സി ടി എ യ്ക്ക് എതിരില്ല

വർക്കല എസ്. എൻ. കോളേജ് കൗൺസിലിലേക്ക് പ്രൊഫ. ആർ. മോഹനകുമാർ, പ്രൊഫ. എസ്. വിജയൻ നായർ എന്നിവർ ഐകകണ്ഠ്യേന തെരഞ്ഞെടുക്കപ്പെട്ടു. പ്രൊഫ. മോഹനകുമാർ എ കെ പി സി ടി എ സംസ്ഥാന സെക്രട്ടറിയും പ്രൊഫ. വിജയൻ നായർ ബ്രാഞ്ചു സെക്രട്ടറിയുമാണ്.

# പിന്നോട്ടടിക്കുന്ന ഉന്നത വിദ്യാഭ്യാസം

പ്രൊഫ. കൊച്ചുത്രേസ്യാ തോമസ്
ന്യൂമാൻ കോളേജ്, തൊടുപുഴ.

ഏഴ് യൂണിവേഴ്സിറ്റികളും മുന്നൂറിലധികം അഫിലിയേറ്റഡ് കോളേജുകളുമുള്ള കേരളം സാക്ഷരതയിലും ബിരുദധാരികളുടെ എണ്ണത്തിലും മുൻപന്തിയിലാണെങ്കിലും ഗുണമേന്മയുടെ കാര്യത്തിൽ ഏറെപിന്നിലാണ്. പുരോഗമനാത്മകമായ സാമൂഹ്യവീക്ഷണവും മൂല്യബോധവുമുള്ള ബിരുദധാരികളെ സൃഷ്ടിക്കാൻ നമ്മുടെ കലാലയങ്ങൾക്ക് കഴിയുന്നില്ല എന്നുള്ളത് ഉന്നതവിദ്യാഭ്യാസത്തിന്റെ നിലവാരതകർച്ചയിലേക്കാണ് വിരൽ ചൂണ്ടുന്നത്. വർഷംതോറും ഡിഗ്രി പരീക്ഷയെഴുതുന്ന വിദ്യാർത്ഥികളുടെ എണ്ണത്തിലുള്ള കുറവ് പരമ്പരാഗത കോഴ്സുകളോടുള്ള വിമുഖതയും വ്യക്തമാക്കുന്നുണ്ട്.

നാം അനുവർത്തിച്ചുപോരുന്ന വിദ്യാഭ്യാസപദ്ധതി അതു തുടങ്ങിവച്ച രാജ്യങ്ങൾ തന്നെ ഉപേക്ഷിച്ചിട്ട് പതിറ്റാണ്ടുകളായി. എന്നാൽ കാര്യമാത്രമായ മാറ്റങ്ങൾ വരുത്താൻ നമുക്കിതേവരെ കഴിഞ്ഞിട്ടില്ല. അന്യസംസ്ഥാനങ്ങൾ പോലും ബഹുദൂരം മുന്നിലെത്തിയിരിക്കുന്നു.

പ്രീഡിഗ്രി കോളേജ്തലത്തിൽ നിന്നും വേർപെടുത്തുന്നതിനോടൊപ്പം പരീക്ഷാസമ്പ്രദായത്തിലും സമഗ്രമായ ഉടച്ചുവാർക്കൽ അനിവാര്യമാണ്. സമൂഹത്തിന്റെ വീക്ഷണത്തിലും കാതലായ മാറ്റം ആവശ്യമാണ്. മാറ്റത്തിന്റെ കാറ്റ് ഉൾക്കൊള്ളുവാൻ പുതിയ രാഷ്ട്രീയനേതൃത്വം തയ്യാറാകുന്നുവെന്നത് ശുഭോദർക്കമാണ്. കാരണം അടിസ്ഥാനപരമായ ഏതൊരു പരിവർത്തനത്തിനും ഉറച്ച രാഷ്ട്രീയ ഇച്ഛാശക്തി കൂടിയേ തീരൂ.

ഉന്നത വിദ്യാഭ്യാസം മൗലികാവകാശമാണെന്ന ധാരണ തിരുത്തുകയും അത് അർഹതപ്പെട്ടവർക്കുമാത്രം അവകാശപ്പെട്ടതാകുകയും വേണം. പഠിക്കാൻ കഴിവും താല്പര്യവുമുള്ളവർ മാത്രം ഈ രംഗത്ത് നിലനില്ക്കട്ടെ. മറ്റുള്ളവർ അഭിരുചിക്കനുസരിച്ച തൊഴിലുകളിൽ പരിശീലനവും പ്രാവീണ്യവും നേടട്ടെ. അതിനുള്ള സാഹചര്യവും സൗകര്യവും ഒരുക്കേണ്ടത് സർക്കാരിന്റെ ബാദ്ധ്യതയാണ്.

അനുദിനം വികസിച്ചുകൊണ്ടിരിക്കുന്ന ശാസ്ത്രസാങ്കേതിക മേഖലകളെ ഉൾക്കൊള്ളിച്ചുകൊണ്ടും പ്രാദേശികമായ, സാദ്ധ്യതകൾ കണക്കിലെടുത്തും കാലാനുസൃതമായി സിലബസ് പരിഷ്കരിക്കുകയും കോഴ്സുകൾ രൂപപ്പെടുത്തേണ്ടതും അടിയന്തിരമായ ആവശ്യമാണ്. നിലവിലിരിക്കുന്ന അദ്ധ്യാപന രീതിയ്ക്കും മാറ്റങ്ങളുണ്ടാവണം. വിവിധ വിഷയങ്ങൾ ചെറുഗ്രൂപ്പുകൾക്ക് വീതിച്ചുകൊടുത്ത് പ്രബന്ധങ്ങൾ (Assignments) തയ്യാറാക്കി അവതരിപ്പിക്കുകയും തുടർന്നുള്ള ചർച്ചയിൽ പോരായ്മകൾ പരിഹരിക്കുകയുമാവാം. വിവിധ ഘട്ടങ്ങളിൽ മാർഗ്ഗനിർദ്ദേശം നല്കുകയാണ് അദ്ധ്യാപകന്റെ ജോലി. ഇതിന് സുസജ്ജമായ ലൈബ്രറികളും വിശാലമായി റഫർ ചെയ്യാനും നോട്ടുകൾ തയ്യാറാക്കാനുമുള്ള സൗകര്യവും സ്വാതന്ത്ര്യവും വിദ്യാർത്ഥികൾക്ക് ലഭിക്കണം.

ഉന്നതവിദ്യാഭ്യാസത്തിന്റെ അവിഭാജ്യഘടകമായ ഗവേഷണത്തിന് കേരളത്തിലെ മഹാഭൂരിപക്ഷം കോളേജുകളിലും യാതൊരുസൗകര്യവുമില്ല. പ്രഗത്ഭരായ അദ്ധ്യാപകരുടെ കഴിവുകൾ ഉപയോഗിക്കാൻ കഴിയാതെവരുന്നു. അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും ഗവേഷണം നടത്തുവാനുള്ള അടിസ്ഥാന സൗകര്യങ്ങളെങ്കിലും എല്ലാ കോളേജുകളിലും ഉണ്ടാവണം.

പരിഷ്കാരങ്ങൾ പ്രാവർത്തികമാകുമ്പോഴുണ്ടാകുന്ന വർദ്ധിച്ച സാമ്പത്തികബാദ്ധ്യത പരിഹരിക്കാനുള്ള മാർഗം സർക്കാർ കണ്ടെത്തേണ്ടിയിരിക്കുന്നു. കാലാനുസൃതമായ ഫീസ് വർദ്ധനവ് അഭികാമ്യമാണ്. സാമ്പത്തികമായി പിന്നാക്കം നില്ക്കുന്നവരെ സഹായിക്കാൻ കഴിയുന്നവിധത്തിൽ സ്കോളർഷിപ്പ്

കളുടേയും ലോൺ സ്കോളർഷിപ്പുകളുടെയും എണ്ണം വർദ്ധിപ്പിച്ചുകൊണ്ടും നടപടിക്രമങ്ങൾ ലഘൂകരിച്ചും സഹകരണബാങ്കുകളുടേയും മററും സഹായം തേടിയും ഈ പ്രശ്നത്തിന് പരിഹാരം കണ്ടെത്താൻ കഴിയും. പക്ഷേ, സാമ്പത്തിക പിന്നോക്കാവസ്ഥയുടെ പേരിൽ ആർക്കും ഉന്നത വിദ്യാഭ്യാസം നിഷേധിക്കുകയില്ലെന്നുള്ളത് സർക്കാരിന്റെ നയമായിരിക്കണം.

